## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1036 12.06.2014 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## ട്രാൻസ്ഫർ ഉത്തരവ് നടപ്പാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചാലക്കുടി നായരങ്ങാടി മോഡൽ റസിഡൻഷ്യൽ സ്കൂളിലെ എച്ച്.എസ്.എ.യായി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി ജാൻസി നീനക്കെതിരെ, കുട്ടികളുടെ പരാതിയുടെ അടിസ്ഥാനത്തിലും, ഡിപ്പാർട്ട്മെന്റ് താൽപ്പര്യത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന അദ്ധ്യാപിക എന്ന നിലയിലും, ട്രാൻസ്ഫർ ചെയ്ത് ഉത്തരവിറങ്ങി എങ്കിലും, ഇപ്പോഴും അവർ പ്രസ്തുത വിദ്യാലയത്തിൽ ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ശ്രീമതി ജാൻസി നീനയെ ചാലക്കുടി നായരങ്ങാടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിന്നും സ്ഥലംമാറ്റാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും എച്ച്.എസ്.എ. (ഗണിതം) തസ്തികയിൽ തൃശ്ശൂർ ജില്ലയിൽ ഒഴിവുകൾ ഇല്ലാതിരുന്നതിനാൽ സ്ഥലംമാറ്റ ഉത്തരവ് തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ട്രാൻസ്ഫർ ഉത്തരവ് നടപ്പാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ